"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) - ഇൻഫോപാർക്ക് മൂന്നാം ഘട്ടം - ലാൻഡ് പൂളിംഗ് നടത്തുന്നതിന് ജിസിഡിഎ-യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1978/2024/LSGD തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-

1. 16.03.2024 തീയതിയിലെ സ.ഉ (അ) നമ്പർ 27/2024/തസ്വഭവ ഉത്തരവ്
2. ഇൻഫോപാർക്ക് സി.ഇ.ഒ-യുടെ 18.06.2024, 02.07.2024 തീയതികളിലെ കത്തുകൾ
3. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 13.08.2024 തീയതിയിലെ കത്ത്

**ഉത്തരവ്**

ഇൻഫോപാർക്ക് രണ്ടാം ഘട്ട പദ്ധതിയോട് ചേർന്ന് ഇൻഫോപാർക്ക് മൂന്നാം ഘട്ട പദ്ധതിയ്ക്കായി എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് 300 ഏക്കർ സ്ഥലത്ത് വിശാല കൊച്ചി വികസന അതോറിറ്റിയുമായി സഹകരിച്ച് ലാൻഡ് പൂളിംഗ് നടത്താൻ അനുമതി നൽകണമെന്ന് ഇൻഫോപാർക്ക് സി.ഇ.ഒ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 ചട്ടം 56 പ്രകാരം ഇൻഫോപാർക്ക് മൂന്നാം ഘട്ട പദ്ധതിയ്ക്കായി എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് 300 ഏക്കർ സ്ഥലത്ത് ലാൻഡ് പൂളിംഗ് നടത്തുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ഇലക്ട്രോണിക്സ് വിവര സാങ്കേതിക വകുപ്പ്
സി.ഇ.ഒ, ഇൻഫോപാർക്ക്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 18-10-2024 16:51:11

സെക്ഷൻ ഓഫീസർ